**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4693** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളക്ഷാമം രൂക്ഷമായ കുട്ടനാട്ടിൽ കൂടുതൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കുടിവെള്ളക്ഷാമം രൂക്ഷമായ കുട്ടനാട് നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 2017 കാലയളവ് മുതൽ 2025 ഫെബ്രുവരി മാസം വരെ ഏകദേശം 26 കുഴൽക്കിണർ നിർമ്മാണങ്ങൾ, 15 ചെറുകിട കുടിവെള്ള പദ്ധതികൾ എന്നിവ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തിരം പൂർത്തീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തിരം കുട്ടനാട് നിയോജക മണ്ഡലത്തിൽ അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫീസിബിലിറ്റി പഠനം നടത്തി കൂടുതൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി വേഗത്തിൽ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഭൂജല പര്യവേഷണത്തിനായി ആലപ്പുഴ ജില്ല ഓഫീസിൽ ലഭിച്ചിട്ടുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര പ്രാധാന്യം നൽകി ഭൂജല പര്യവേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കുട്ടനാട്ടിൽ നിർമ്മിക്കുന്ന കുഴൽക്കിണറുകൾക്ക് കൂടുതൽ സബ്സിഡി നൽകാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | **വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്വകാര്യ വ്യക്തികൾക്ക് കാർഷിക ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട കൃഷിഭവനിൽ നിന്നും അനുവദിക്കുന്ന ചെറുകിട നാമമാത്ര കർഷകൻ എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണത്തിലെ ഡ്രില്ലിംഗ് ചാർജ്ജ് ഇനത്തിൽ 50% സബ്സിഡി അനുവദിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ